**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 183** 12.06.2018 ൽ മറുപടിക്ക്.

**പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലവർദ്ധനവ്**

| ചോദ്യം<br>ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.വി.പി.സജീന്ദ്രൻ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | പെട്രോൾ, ഡീസൽ എന്നിവയ്ക്ക് ദിനംപ്രതി ഉണ്ടാകുന്ന വിലവർദ്ധനവ് സാധാരണക്കാരായ ജനങ്ങൾക്ക് അമിതഭാരത്തോടൊപ്പം നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി കൂടുന്നതിനും കാരണമായിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പെട്രോളിയം കമ്പനികൾ യാതൊരു നിയന്ത്രണവുമില്ലാതെ വില വർദ്ധിപ്പിക്കുന്നതിനെതിരെ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനെ സമീപിച്ചിട്ടുണ്ടോ; | (ബി) | പെട്രോളിയം കമ്പനികൾ യാതൊരു നിയന്ത്രണവുമില്ലാതെ വില വർദ്ധിപ്പിക്കുന്നതിനെതിരെ, വില വർദ്ധനവ് കുറയ്ക്കുന്നതിന് വേണ്ടി കേന്ദ്രസർക്കാർ വർദ്ധിപ്പിച്ച എക്സൈസ് ഡ്യൂട്ടി കുറവ് വരുത്തണമെന്ന് സംസ്ഥാനം പലതവണ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ | (സി) | ഈ സർക്കാർ അധികാരമേറ്റതിന് ശേഷം |

| | | |
|---|---|---|
| | വന്നശേഷം പെട്രോളിനും ഡീസലിനും വില വർദ്ധിപ്പിച്ചത് മൂലം ലഭിച്ച അധിക വില്പന നികുതിയിനത്തിൽ സംസ്ഥാന സർക്കാരിന് ലഭിച്ച നികുതി വരുമാനം എത്രയാണെന്ന് അറിയിക്കുമോ? | പെട്രോൾ, ഡീസൽ വില വർദ്ധനവിലൂടെ, 31.05.2018-ലെ കണക്കു പ്രകാരം പെട്രോളിൽ നിന്ന് 247.87 കോടി രൂപയും ഡീസലിൽ നിന്ന് 370.52 കോടി രൂപയും അധിക നികുതി വരുമാനമായി ലഭിച്ചു. |

സെക്ഷൻ ഓഫീസർ